പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2758 18/06/2018-ൽ മറുപടിക്ക്

## വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നത് പഠിക്കാൻ കമ്മിറ്റി

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. എ.പി.അനിൽ കുമാർ: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) 2009-ലെ വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തുവാൻ ഏതെങ്കിലും കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ; | (എ) ഇല്ല. 2009 ലെ വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്നതിന് ആവശ്യമായ പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി സ.ഉ (സാധാ)3779/17/പൊവിവ തീയതി 19-10-17, സ.ഉ (സാധാ) 941/18/പൊവിവ തീയതി 3-3-2018 എന്നിവ പ്രകാരം താഴെ പറയുന്നവർ അംഗങ്ങളായി ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.<br>1. ഡോ.എം.എ ഖാദർ (എസ്.സി.ഇ.ആർ.ടി മുൻ ഡയറക്ടർ- ചെയർമാൻ<br>2. ശ്രീ. ജ്യോതി ചൂഡൻ (റിട്ട. സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്)<br>3. ഡോ. സി. രാമകൃഷ്ണൻ, പാലാട്ട് ഹൗസ്, പീലിക്കോട് (പി.ഒ) കാസർഗോഡ് |
| (ബി) പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ ശുപാർശകളാണ് അവർ നൽകിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (സി) ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്? | (സി) മേൽ പരാമർശിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം വിദ്യാഭ്യാസ അവകാശനിയമവുമായി ബന്ധപ്പെട്ട് കെ.ഇ.ആറിൽ വരുത്തേണ്ട ഭേദഗതികളെക്കുറിച്ച് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ